**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2480** **17-03-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യ കമ്മീഷൻ വിഹിതത്തിലുള്ള കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021 മുതൽ 2026 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിന് അനുവദിക്കാൻ നിശ്ചയിച്ചിരിക്കുന്ന നികുതി വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 15-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് 2021-2026 കാലയളവിൽ ശുപാർശ ചെയ്തിട്ടുള്ള നികുതി വിഹിതം 1.925% ആണ്. |
| (ബി) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അനുവദിക്കാൻ നിശ്ചയിച്ചിരിക്കുന്ന നികുതി വിഹിതത്തിൽ പതിനാലാം ധനകാര്യ കമ്മീഷനുമായി താരതമ്യം ചെയ്യുമ്പോൾ എത്രമാത്രം കുറവുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഏതൊക്കെയിനത്തിലുള്ള വ്യതിയാനമാണ് ഈ അവസ്ഥയ്ക്ക് കാരണമായതെന്ന് വിശദമാക്കാമോ; | (ബി) | 14-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5% ആയിരുന്നു. 15-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നികുതി വിഹിതം ആദ്യവർഷം (2020-21) 1.943% ആയും തുടർന്നുള്ള വർഷങ്ങളിൽ (2021-2026) 1.925% ആയും കുറഞ്ഞിട്ടുണ്ട്. 2020-21 വർഷത്തിൽ സംസ്ഥാനത്തിനു ലഭിച്ച നികുതി വിഹിതം 11560.40 കോടി രൂപയാണ്. 14-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5% നികുതി വിഹിതം ലഭിച്ചിരുന്നെങ്കിൽ 2020-21 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന നികുതി വിഹിതം 14874.42 കോടി രൂപയാണ്. 2011- ലെ ജനസംഖ്യയാണ് ടേംസ് ഓഫ് റഫറൻസ് പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ (1971- ലെ ജനസംഖ്യ ഉപയോഗിക്കുന്നതിനു പകരം) നികുതി വിഹിതം നിശ്ചയിക്കുന്നതിന് മാനദണ്ഡമാക്കിയത്. ഇത് ജനസംഖ്യാ നിയന്ത്രണം സാധ്യമാക്കിയ കേരളം പോലുള്ള സംസ്ഥാനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. |
| (സി) | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും പോസ്റ്റ് ഡവലൃൂഷൻ ഗ്രാന്റും എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ പോസ്റ്റ് ഡവലൃൂഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ആയി 19,891 കോടി രൂപ (2021-22), 13174 കോടി രൂപ (2022-23), 4749 കോടി രൂപ (2023-24) ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നികുതി വിഹിത | (ഡി) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം |

| | | | |
|---|---|---|---|
| | നിർണ്ണയം സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ വരുത്തുവാൻ പോകുന്ന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | | നികുതി വിഹിതം കുറയുന്നതുമൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ വലിയ കുറവ് ഉണ്ടാകുന്നു. ഇതോടൊപ്പം കോവിഡ് പ്രതിസന്ധി മൂലം സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം ഗണ്യമായി കുറയുന്നതും ചെലവുകൾ കുത്തനെ വർദ്ധിച്ചുവരുന്നതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കാൻ ഇടയുണ്ട്. |
| (ഇ) | സെസ്സും സർച്ചാർജുകളും ഗണ്യമായി വർദ്ധിപ്പിച്ച് സംസ്ഥാനങ്ങളുടെ നികുതി വിഹിതം കുറയ്ക്കുന്ന കേന്ദ്ര സർക്കാർ സമീപനത്തെ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഇ) | സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാത്ത സെസ്സും സർചാർജ്ജും ഗണ്യമായി വർദ്ധിപ്പിച്ചത് കാരണം, സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന നികുതി വിഹിതത്തിൽ കുറവ് ഉണ്ടായത് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കുറവുണ്ടാക്കുന്നതിന് ഇടയായിട്ടുണ്ട്. 30.12.2021-ൽ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന 2022-23 വർഷത്തിലെ കേന്ദ്ര ബജറ്റിന് മുന്നോടിയായുള്ള (Pre-Budget Speech) യോഗത്തിൽ (ഇനം-3) സെസ്സ്, സർചാർജ് എന്നിവ വർദ്ധിപ്പിക്കുന്നതുമൂലം കേന്ദ്ര നികുതി വിഹിതത്തിൽ സാരമായ കുറവുണ്ടാകുന്നതിനാൽ പെട്രോൾ, ഡീസൽ എന്നിവയിലുൾപ്പെടെ ചുമത്തിയിട്ടുള്ള സെസ്സും, സർച്ചാർജ്ജും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ